150 YEARS OF CELEBRATING THE MAHATMA

# ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്

വികാസ് ഭവൻ, തിരുവനന്തപുരം

ടെലിഫോൺ-0471-2300523,24,2302090
ഇ-മെയിൽ-director.mwd@gmail.com
വെബ് സൈറ്റ്-www.minoritywelfare.kerala.gov.in

ഭരണ ഭാഷ-മാതൃഭാഷ

നം.4745/എസ്/22/ന്യൂ.ക്ഷേ.ഡ. തീയതി. 09.11.2022

ഡയറക്ടർ

പ്രിൻസിപ്പാൾ/കോ-ഓർഡിനേറ്റർ

സർ,

വിഷയം:- ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ്-യുജിസി/സിഎസ്ഐആർ/നെറ്റ് പരീക്ഷ പരിശീലനം സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്.

ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് നടപ്പിലാക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് യു.ജി.സി/സി.എസ്.ഐ.ആർ/നെറ്റ് പരീക്ഷയ്ക്ക് പരിശീലനം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് താങ്കളുടെ കോളേജിനെ താങ്കളുടെ അപേക്ഷ പരിഗണിച്ച് തിരഞ്ഞെടുത്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

- 2022-23 അദ്ധ്യയന വർഷം ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന യു.ജി.സി/സി.എസ്.ഐ.ആർ/നെറ്റ് പരീക്ഷ പരിശീലനത്തിന് മുൻകൂട്ടി നിശ്ചയിച്ച പ്രകാരം വിദ്യാർത്ഥികൾക്ക് പരിശീലനത്തിനായി 2022 നവംബർ 10 മുതൽ നവംബർ 21 തീയതി വരെ അപേക്ഷിക്കാവുന്നതാണ്.
- ടി അപേക്ഷ ഫോമും, വിജ്ഞാപനവും വകുപ്പ് വെബ് സൈറ്റിൽ (www.minoritywelfare.kerala.gov.in) ലഭ്യമാണ്.
- ടി പരിശീലന പദ്ധതിയുടെ പ്രയോജനം കൂടുതൽ വിദ്യാർത്ഥികൾക്ക് എത്തിക്കുന്നതിനായി പ്രാദേശിക ദിനപത്രങ്ങൾ/മറ്റു ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ മുഖേന പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നുള്ള വിവരം സദയം അറിയിച്ചു കൊള്ളുന്നു.
- താങ്കളുടെ കോളേജ് കേന്ദ്രീകരിച്ചു ഇപ്രകാരം ഒരു പരിശീലന പരിപാടി സംഘടിപ്പിക്കുന്ന വിവരവും ആയതിലേയ്ക്ക് താല്പര്യമുള്ള അർഹരായ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നതിനുള്ള നടപടികൾ കോളേജ് തലത്തിൽ സ്വീകരിക്കണം എന്ന് അഭ്യർത്ഥിച്ചു കൊണ്ടും താലൂക്കിലെ മറ്റു സർക്കാർ/എയ്ഡഡ് കോളേജുകളുടെ

പ്രിൻസിപ്പൾമാർക്ക് കത്ത്/ഇ-മെയിൽ വഴി സന്ദേശം നൽകണമെന്നും താത്പര്യ-പ്പെടുന്നു.

- ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കായി 0471-2300524 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

അപേക്ഷ ഫോം, വിജ്ഞാപനം, സമ്മതപത്രം, നിർദ്ദേശങ്ങൾ എന്നിവ പകർപ്പായി ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

**ഡയറക്ടർ**

# വിജ്ഞാപനം

## ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് യു.ജി.സി/ സി.എസ്.ഐ.ആർ – നെറ്റ് (UGC/CSIR -NET) പരിശീലനത്തിനുള്ള അപേക്ഷ ക്ഷണിക്കുന്നു.

സർക്കാർ/എയ്ഡഡ് കോളേജുകളിൽ രണ്ടാം വർഷ ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്നവരും നിലവിൽ പഠനം പൂർത്തിയായവരുമായ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കേന്ദ്ര സർക്കാർ മത ന്യൂനപക്ഷങ്ങളായി അംഗീകരിച്ച്, പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ജനസംഖ്യാനുപാതികമായി "യു.ജി.സി/സി.എസ്.ഐ.ആർ-നെറ്റ്" പരീക്ഷാ പരിശീലനത്തിന് സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിക്കുന്നു. ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ് എംപാനൽ ചെയ്ത **19 സ്ഥാപനങ്ങൾ** മുഖാന്തിരമാണ് കോച്ചിംഗ് സംഘടിപ്പിക്കുന്നത്.

കേരളത്തിൽ പഠിക്കുന്ന സ്ഥിര താമസക്കാരായ മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന മതവിഭാഗത്തിൽപ്പെട്ടവരും ബിരുദാനന്തര ബിരുദ പരീക്ഷയിൽ 55% മാർക്ക് നേട്ടിയിട്ടുള്ളതുമായ വിദ്യാർത്ഥികൾക്കാണ് പരിശീലത്തിന് അർഹത. ന്യൂനപക്ഷ മത വിഭാഗത്തിൽപ്പെട്ട ബി.പി.എൽ വിഭാഗത്തിലെ വിദ്യാർത്ഥികളെ പ്രത്യേകം പരിഗണിച്ചു കൊണ്ടും, കുടുംബ വാർഷിക വരുമാനത്തിന്റെയും, മാർക്കിന്റെയും അടിസ്ഥാനത്തിലുമാണ് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ എ.പി.എൽ വിഭാഗത്തിലെ 8 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവരെയും പരിഗണിക്കും. *www.minoritywelfare.kerala.gov.in* എന്ന വകുപ്പ് വെബ് സൈറ്റിലും തെരഞ്ഞെടുത്ത കോച്ചിംഗ് സ്ഥാപനങ്ങളിൽ നിന്നും അപേക്ഷ ഫോം ലഭ്യമാണ്. പരിശീലനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ടി അപേക്ഷ ഫോം പൂരിപ്പിച്ച് നേരിട്ടോ തപാൽ മുഖാന്തിരമോ പരിശീലനം നേടാൻ ആഗ്രഹിക്കുന്ന സ്ഥാപനത്തിലെ കോഴ്സ് കോ-ഓർഡിനേറ്ററിന് സമർപ്പിക്കേണ്ടതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2022 നവംബർ 21. കൂടുതൽ വിവരങ്ങൾക്ക് കോ-ഓർഡിനേറ്റർമാരെ ബന്ധപ്പെടാവുന്നതാണ്. (പരിശീലന സ്ഥാപനത്തിന്റെ മേൽവിലാസവും, കോ-ഓർഡിനേറ്റർമാരുടെ ഫോൺ നമ്പറും വകുപ്പ് വെബ് സൈറ്റിൽ ലഭ്യമാണ്).

### അപേക്ഷിക്കേണ്ട രീതി:

*www.minoritywelfare.kerala.gov.in* എന്ന വെബ് സൈറ്റിൽ നിന്നും ലഭിക്കുന്ന അപേക്ഷ ഫോം പൂരിപ്പിച്ച് താത്പര്യമുള്ള പരിശീലന സ്ഥാപനങ്ങളിൽ അപേക്ഷിക്കാവുന്നതാണ്.

**അപേക്ഷകർ ഹാജരാക്കേണ്ട രേഖകൾ**

1. അപേക്ഷ ഫോട്ടോ സഹിതം സമർപ്പിക്കുക.
2. എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്
3. പി.ജി. മാർക്ക് ലിസ്റ്റിന്റെ പകർപ്പ്
4. അപേക്ഷിക്കേണ്ട അവസാന തീയതി: 21.11.2022

ഡയറക്ടർ

GOVERNMENT OF KERALA

DIRECTORATE OF MINORITY WELFARE

# APPLICATION FOR UGC/CSIR-NET COACHING

**(*BPL /APL Candidates with family income less than 800000 per annum are eligible to apply)**

| | | |
|---|---|---|
| Name of Student | | Add Passport Size Photo of Applicant |
| Date of Birth | / / | |
| Age | | |
| Gender | | |
| Address of Applicant (Home) | | |
| District | | |
| Caste | | |
| Religion | | |
| Whether BPL | Yes ☐ No ☐ | |
| If APL, Please mention Family Income. APL Candidates with family income less than 800000 per annum can apply | | |
| Educational Qualifications | | |
| Main Subject in PG | | |
| Percentage of Marks in PG (Subject Wise Grand Total) | | |
| Whether College Going or Course Completed | | |
| Name of College in which the candidate is now Studying | | |
| Name of Coaching Centre (College) and Subject sought for UGC/CSIR – NET Coaching | | |
| Contact Number | | |
| E-mail id | | |

| | | |
|---|---|---|
| Date | / / | Signature : |
| Place | | |

## Documents to be attached with Application Form

1. Affix Passport size photo in Application Form.
2. Scanned copy of SSLC Certificate (Front Page).
3. Scanned copy of PG Mark List.
4. Income Certificate.